# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**സണ്ണി എം. സി**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9446561939**

പി.ആർ.ഒ/35/238/2016 | പത്രക്കുറിപ്പ് | 2016 നവംബർ 7

## പ്രാക്ടിക്കൽ പരീക്ഷ

തൃപ്പൂണിത്തുറ ആർ.എൽ.വി കോളജിലെ അഞ്ചാം സെമസ്റ്റർ ബി.എ മ്യൂസിക്-മൃദംഗം (സി.ബി.സി.എസ്.എസ് 2013 ന് മുൻപുള്ള അഡ്മിഷൻ – റഗുലർ, സപ്ലിമെന്ററി, മേഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ ബി.എ മ്യൂസിക് – മൃദംഗം (സി.ബി.സി.എസ്.എസ് – റഗുലർ, സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ നവംബർ 9ന് ആരംഭിക്കും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പരീക്ഷാ ഫലം

2015 ഡിസംബർ മാസം നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് (ദ്വിവൽസര) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 19വരെ സ്വീകരിക്കും.

## എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ്: സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവ്വകലാശാല നേരിട്ട് നടത്തുന്ന ഇടപ്പള്ളി സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസിൽ എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഫോൺ 9447180151, 9447107605, 0484-2340402.

## ദ്വിദിന ദേശീയ സെമിനാർ

എം.ജി സർവ്വകലാശാല ഗാന്ധിയൻ പഠനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ''ഡിമൻഷ്യ രോഗികളുടെ സംരക്ഷണം; ആധുനിക കാലഘട്ടത്തിന്റെ സമീപന രീതികൾ'' എന്ന വിഷയത്തിൽ നവംബർ 14, 15 തിയതികളിൽ യു.ജി.സി നാഷണൽ സെമിനാർ നടത്തും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9447039679, 9946052579.

## കംപ്യൂട്ടർ പ്രോഗ്രാമർ ഒഴിവ്

എം.ജി സർവ്വകലാശാലയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ കംപ്യൂട്ടർ പ്രോഗ്രാമറുടെ 5 ഒഴിവും, സീനിയർ കംപ്യൂട്ടർ പ്രോഗ്രാറുടെ ഒരു ഒഴിവും ഉണ്ട്. കംപ്യൂട്ടർ സയൻസ് അല്ലെങ്കിൽ ഇൻഫർമേഷൻ ടെക്നോളജിയിൽ ബി.ഇ/ബി.ടെക്/എം.സി.എ/ 70 ശതമാനം മാർക്കോടെയുള്ള എം.എസ്.സി കംപ്യൂട്ടർ സയൻസ് ബിരുദവും, വെബ് ബെയ്സ്ഡ് ടെക്നോളജീസിലും ഡി.ബി.എം.എസിലും പരിചയവുമുള്ള 25 വയസിൽ താഴെയുള്ളവർക്ക് കംപ്യൂട്ടർ പ്രോഗ്രാമറുടെ ഒഴിവിലേക്ക് അപേക്ഷിക്കാം. പ്രതിമാസം 20000 രൂപ പ്രതിഫലം. സീനിയർ കംപ്യൂട്ടർ പ്രോഗ്രാമറുടെ ഒഴിവിലേക്ക് അപേക്ഷിക്കുന്നവർക്ക് കംപ്യൂട്ടർ സയൻസ് അല്ലെങ്കിൽ ഇൻഫർമേഷൻ ടെക്നോളജിയിൽ ബി.ഇ/ബി.ടെക്/എം.സി.എ/ 70 ശതമാനം മാർക്കോടെയുള്ള എം.എസ്.സി കംപ്യൂട്ടർ സയൻസ് ബിരുദവും സോഫ്റ്റ് വെയർ ഡവലപ്മെന്റിൽ 3-4 വർഷത്തെ പ്രവർത്തി പരിചയവും ഉണ്ടാകണം. സർവ്വകലാശാലകളിലോ ആർ.ആന്റ് ഡി സ്ഥാപനങ്ങളിലോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ സോഫ്റ്റ് വെയർ ഡവലപ്മെന്റിലെ പ്രവർത്തി പരിചയം അഭികാമ്യം. മാസം 30000 രൂപ പ്രതിഫലം. താൽപര്യമുള്ളവർ വിശദമായ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പിയും സഹിതം ഡപ്യൂട്ടി രജിസ്ട്രാർ ഒന്ന് (ഭരണ വിഭാഗം), മഹാത്മാ ഗാന്ധി സർവ്വകലാശാല, പി.ഡി. ഹിൽസ് പി.ഒ, കോട്ടയം – 686560 എന്ന വിലാസത്തിൽ നവംബർ 15ന് മുൻപ് അപേക്ഷിക്കണം. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)